**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2308** **19.07.2016 ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കേരകർഷകർ നേരിടുന്ന നാളികേരവിലയിടിവും, തെങ്ങുകൾക്കുണ്ടാകുന്ന കീടബാധയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളികേരത്തിന് മികച്ച താങ്ങുവില നൽകുന്നതിന് നടപടി സ്വീകരിക്കുമോ, | (എ) ഉണ്ട്. നാളികേര വിലയിലടവിൽ നിന്നും കേര കർഷകരെ രക്ഷിക്കുന്നതിനും തേങ്ങയ്ക്ക് താങ്ങുവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 1.1.2013 മുതൽ പച്ച തേങ്ങ സംഭരണ പദ്ധതി നടപ്പാക്കി വരുന്നു. വിപണി വിലയേക്കാൾ ഉയർന്ന നിരക്കിൽ ആണ് നിലവിൽ കേരഫെഡ് നാളികേരം സംഭരിക്കുന്നത്. നാളികേരസംഭരണത്തിനായി ഈ വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 100 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. |
| (ബി) പ്രതിരോധശേഷി കൂടുതലുള്ള തെങ്ങിൻ തൈകൾ കർഷകർക്ക് നൽകുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കുമോ; | (ബി) പ്രതിരോധശേഷി കൂടുതലുള്ള തെങ്ങിൻ തൈകൾ കർഷകർക്ക് നൽകുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. കേരസമൃദ്ധി-പദ്ധതി പ്രകാരം രോഗ പ്രതിരോധ ശേഷിയുള്ള കുറിയ ഇനം, സങ്കരയിനം, മറ്റ് കുറിയ ഇനം തെങ്ങിൻ തൈകൾ എന്നിവ കൃഷിവകുപ്പിന്റെ നഴ്സറികളിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് നല്കുന്നു.<br><br>2. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റീജിണീയൽ കോക്കനട്ട് നഴ്സറീസ് എന്ന പദ്ധതി പ്രകാരം രോഗ പ്രതിരോധശേഷിയുള്ള കുറ്റ്യാടി ഉൾപ്പെടെ നെടിയ ഇനം വിത്ത് തേങ്ങകൾ തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലുള്ള പ്രോക്യൂർമെന്റ് സെന്ററുകളിൽ സംഭരിച്ച് കൃഷി വകുപ്പിന്റെ തെങ്ങിൻതൈ നഴ്സറികളിൽ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.<br><br>3. സങ്കരയിനം തെങ്ങിൻ തൈ ഉൽപ്പാദന |

പദ്ധതി പ്രകാരം തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലുള്ള ഹൈബ്രിഡൈസേഷൻ കേന്ദ്രങ്ങളിൽ ഹൈബ്രിഡൈസേഷൻ നടത്തി സങ്കരയിനം ടിX ഡി, ഡി X ടി വിത്ത് തേങ്ങകൾ ശേഖരിച്ച് കൃഷി വകുപ്പിന്റെ തെങ്ങിൻ തൈ നേഴ്സറികളിൽ നൽകുന്നു, ഈ നഴ്സറികളിൽ സങ്കരയിനം തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. ഇതു കൂടാതെ കാർഷിക സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങൾ മുഖേനയും പ്രതിരോധശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്തു വരുന്നു.

(സി) കേരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നാളീകേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി നടപ്പിലാക്കിയ കേരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഈ പദ്ധതിയിലൂടെ ഏതെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകിയിട്ടുള്ളത്; ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(സി) നാളികേര വികസന പദ്ധതിയായ കേരഗ്രാമം പദ്ധതി 2014-15 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2014-15, 2015-16 എന്നീ വർഷങ്ങളിൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ പദ്ധതി നടപ്പിലാക്കി 2016-17 വർഷം കാസറകോഡ് ഉൾപ്പെടെയുള്ള 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ടി പദ്ധതിക്കായി 500 ഹെക്ടർ കേര വിസ്തൃതിയുള്ള പഞ്ചായത്തുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും ആവശ്യമായ കേര വിസ്തൃതി ഒരു പഞ്ചായത്തിൽ ലഭ്യമല്ലാതെ വന്ന സാഹചര്യത്തിൽ അടുത്തുള്ള പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

2016-17 വർഷം കേരഗ്രാമം പദ്ധതി 14 ജില്ലകളിലായുള്ള 30 കേരഗ്രാമങ്ങളിൽ നടപ്പിലാക്കി വരുന്നു. പദ്ധതി പ്രകാരം സംയോജിത വിള പരിപാലനമുറകൾ സ്വീകരിച്ച് നാളികേരകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. തടം തുറക്കൽ, തൊണ്ട് എട്ടക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ് ജൈവ രാസവളങ്ങൾ ജീവാണു വളങ്ങൾ സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗ ബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125 ലക്ഷം രൂപയും തെങ്ങുകയറ്റയന്ത്രങ്ങൾ വാങ്ങുന്നതിന് 2000/- രൂപയും ജലസേചനകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപയും കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിന് 10,000/- രൂപയും നാളികേരം നഴ്സറി നിർമ്മാണത്തിന് യൂണിറ്റൊന്നിന് 50,000/- രൂപയും കൃഷി ഭവനുകൾക്ക്

പ്രവർത്തനഫണ്ടായി 10,000/- രൂപയും കേര അപെക്സ് സൊസൈറ്റി രൂപീകരണത്തിന് 10 ലക്ഷം രൂപയും ഉൾപ്പെടെ ഒരു കേര ഗ്രാമത്തിന് 149.2 ലക്ഷം രൂപയും വകയിരുത്തി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**